(ബി) നിയമോപദേശം നൽകിയ വകയിൽ സുപ്രീംകോടതി അഭിഭാഷകരായ ശ്രീ. മോഹൻ പരാശരൻ, ശ്രീ. എൽ. നാഗേശ്വരറാവു എന്നിവർക്ക് ഫീസ് നൽകേണ്ടിവരും. ടിയാന്മാരുടെ ബിൽ കിട്ടുന്ന മുറയ്ക്ക് ബന്ധപ്പെട്ട അക്കൗണ്ട് ഹെഡ് ഏതാണെന്ന് പരിശോധിച്ച് ഫീസ് നൽകേണ്ടിവരും.

(സി) ബാർക്കോഴയുമായി ബന്ധപ്പെട്ട വിഷയത്തിൽ സംസ്ഥാന സർക്കാരുമായി ബന്ധപ്പെട്ട നിയമവിദഗ്ധരുടെ ഉപദേശം തേടേണ്ട എന്നും സോളിസിറ്റർ ജനറൽ ഓഫ് ഇന്ത്യ, അറ്റോർണി ജനറൽ ഓഫ് ഇന്ത്യ എന്നിവരുടെ നിയമോപദേശം തേടാമെന്നും വിജിലൻസ് ഡയറക്ടർ തന്നെയാണ് തീരുമാനിച്ചത്. ബാർ കോഴ ക്കേസുപോലെ പൊതുജന ശ്രദ്ധയാകർഷിച്ച കേസ്സിൽ സംസ്ഥാനത്തുള്ളവരുടെ നിയമോപദേശം തേടിയാൽ അതിന്റെ വിശ്വസനീയത ചോദ്യം ചെയ്യപ്പെടുമെന്ന് ഉള്ളതിനാലും ടി കേസ് സംബന്ധമായി പല നിയമപ്രശ്നങ്ങളും ഭാവിയിൽ വരാൻ സാദ്ധ്യതയുണ്ടെന്നും മനസ്സിലാക്കിയാണ് വിജിലൻസ് ഡയറക്ടർ ഇത്തരം ഒരു തീരുമാനം എടുത്തത്. മുകളിൽ പറഞ്ഞവരുടെ ഭാഗത്തുനിന്നും യാതൊരു പ്രതികരണവും ലഭിക്കാത്തതിനാലാണ് സുപ്രീംകോടതിയിലെ പ്രമുഖ അഭിഭാഷകരായ ശ്രീ. മോഹൻ പരാശരൻ (മുൻ സോളിസിറ്റർ ജനറൽ ഓഫ് ഇന്ത്യ), ശ്രീ. എൽ. നാഗേശ്വരറാവു (മുൻ അഡീഷണൽ സോളിസിറ്റർ ജനറൽ ഓഫ് ഇന്ത്യ) എന്നിവരുടെ നിയമോപദേശം തേടിയത്. ടി അഭിഭാഷകരുടെ ബിൽ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.

വരവിൽ കവിഞ്ഞ് സ്വത്ത് സമ്പാദിക്കുന്നവർക്കെതിരെയുള്ള നിയമവ്യവസ്ഥകൾ

249 (3071) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തുകൊണ്ട് വരവിൽ കവിഞ്ഞ് സ്വത്ത് സമ്പാദിക്കുന്നവർക്കെതിരെയുള്ള നിയമ വ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ ഉദ്ദേശ്യമുണ്ടോ ;

(ബി) വരവിൽ കവിഞ്ഞ് സ്വത്ത് സമ്പാദിച്ചതായി ആരോപിക്കപ്പെട്ടിട്ടുള്ള ഔദ്യോഗിക പദവിയിലുള്ളവരുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വിജിലൻസ് ത്വരിത അന്വേഷണങ്ങളുടെ വെളിച്ചത്തിൽ അഴിമതി ആരോപിക്കപ്പെട്ട ഏതെല്ലാം മന്ത്രിമാരുടെയും ഐ.എ.എസ്./ഐ.പി.എസ്. ഓഫീസർമാരുടെയും പേരിൽ വിജിലൻസ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നുണ്ട് ; വിശദമാക്കാമോ ?

ഉത്തരം

(എ) പരിഗണനയിലില്ല.

(ബി) ഉണ്ട്.

(സി) വിജിലൻസ് ത്വരിത അന്വേഷണങ്ങളുടെ വെളിച്ചത്തിൽ വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദനവുമായി ബന്ധപ്പെട്ട് മന്ത്രിമാരുടെയും ഐ.എ.എസ്./ ഐ.പി.എസ്. ഓഫീസർമാരുടെയും പേരിൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിട്ടില്ല.

ബാർ കോഴക്കേസ്സിൽ വിജിലൻസ് അന്വേഷണം

250 (3072) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാർകോഴ കേസിൽ വിജിലൻസ് ഡയറക്ടർ നാളിതുവരെ അന്വേഷണ റിപ്പോർട്ടുകളിന്മേൽ ആരിൽ നിന്നെല്ലാം നിയമോപദേശം തേടിയിട്ടുണ്ട് ;

(ബി) ആരുടെയെല്ലാം നിയമോപദേശങ്ങൾ ഡയറക്ടർക്ക് ലഭിക്കുകയുണ്ടായി ; ഏതെല്ലാം തീയതികളിൽ ; ലഭിച്ച നിയമോപദേശങ്ങളുടെ ഓരോ പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ ;

(സി) ബാർകോഴ കേസ്സന്വേഷണം സംബന്ധിച്ച് ഹൈക്കോടതിയിൽ വന്ന ഹർജികൾ തീർപ്പാക്കിക്കൊണ്ട് കോടതി വിജിലൻസിന് നൽകിയ നിർദ്ദേശം എന്തായിരുന്നു ; അത് ഏത് തീയതിയിലായിരുന്നു ;

(ഡി) അന്വേഷണ ഉദ്യോഗസ്ഥൻ വസ്തുതാവിവരണ റിപ്പോർട്ട് ഡയറക്ടർക്ക് സമർപ്പിച്ചത് ഏത് തീയതിയിലായിരുന്നു ;

(ഇ) കോടതി നിർദ്ദേശം അനുസരിച്ച്, അന്വേഷണ ഉദ്യോഗസ്ഥന്റെ വസ്തുതാവിവരണ റിപ്പോർട്ട് കിട്ടിയ ഉടൻ ആയത് കോടതിയിൽ സമർപ്പിക്കാതിരുന്നത് എന്തുകൊണ്ടായിരുന്നു ?

LIBRARY ARCHIVES Kerala Legislative Assembly